സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com | വാല്യം: 60 | ലക്കം: 13 | 2025 മാർച്ച് 17 തിങ്കൾ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in



സ്വതന്ത്രമണ്ഡപം

പത്രത്തിന്റെ

ഓൺലൈൻസന്ദർശിക്കുക

Visit

Swathanthra Mandapam Online

www.swathanthramandapam.com


## ഭീതി പരത്തി വണ്ടിപ്പെരിയാറിൽ വീണ്ടും കടുവയിറങ്ങി

വണ്ടിപ്പെരിയാർ : വീണ്ടും വണ്ടിപ്പെരിയാറിൽ കടുവ. അരണക്കൽ എസ്റ്റേറ്റിലെത്തിയ കടുവ തോട്ടം തൊഴിലാളിയുടെ പശുവിനെയും വളർത്തുനായയെയും ആക്രമിച്ചു കൊന്നു.

വനംവകുപ്പ് സംഘം സ്ഥലത്തെത്തിയിട്ടുണ്ട്. കടുവയ്ക്കായുള്ള തിരച്ചിൽ ആരംഭിച്ചിട്ടുണ്ട്. കൂട് സ്ഥാപിക്കുകയും മയക്കുവെടിവെച്ച് കടുവയെ പിടിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു.

# സെക്രട്ടേറിയറ്റ് വളഞ്ഞ് ആശ വർക്കർമാർ

## പ്രധാന കവാടങ്ങൾ അടച്ച് പോലീസ്, കനത്ത സുരക്ഷ



തിരു : രാപകൽ സമരത്തിന്റെ തുടർച്ചയായി ആശ വർക്കർമാരുടെ സെക്രട്ടേറിയറ്റ് ഉപരോധം ആരംഭിച്ചു. സെക്രട്ടേറിയറ്റിന്റെ പ്രധാന കവാടങ്ങളെല്ലാം പ്രവർത്തകർ ഉപരോധിച്ചിരിക്കുകയാണ്. ഗേറ്റുകളെല്ലാം അടച്ചുപൂട്ടിയ പോലീസ്, കനത്ത സുരക്ഷയാണ് സെക്രട്ടേറിയറ്റിന് ചുറ്റും ഏർപ്പെടുത്തിയിരിക്കുന്നത്.

സമരത്തെ പിന്തുണയ്ക്കുന്ന വിവിധ സംഘടനാ പ്രതിനിധികളും ഉപരോധത്തിൽ പങ്കെടുക്കുന്നുണ്ട്. രാപകൽ സമരത്തിന്റെ 36-ാം ദിവസത്തിലാണ് പ്രതിഷേധം കൂടുതൽ ശക്തമാക്കാൻ സെക്രട്ടേറിയറ്റ് ഉപരോധത്തിലേക്ക് ആശ വർക്കർമാർ കടന്നത്. രാവിലെ ഒൻപതു മുതൽ വൈകീട്ടുവരെയാണ് സമരം.

അതേസമയം, ആരോഗ്യവകുപ്പ് ആശമാർക്കായി സംഘടിപ്പിക്കുന്ന പാലിയേറ്റീവ് കെയർ പരിശീലന പരിപാടിയും ഇന്ന് തന്നെയാണ് നടക്കുന്നത്. എന്നാൽ ഇത് ബഹിഷ്കരിക്കുമെന്ന് കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ നേരത്തേ തന്നെ അറിയിച്ചിരുന്നു.

ആശമാർക്ക് തിങ്കളാഴ്ച പരിശീലന പരിപാടി നടത്തുമെന്ന നോട്ടീസ് ശനിയാഴ്ച ഉച്ചയോടെയാണ് ആരോഗ്യവകുപ്പ് അയച്ചത്.

എല്ലാ ആശപ്രവർത്തകരെയും പരിശീലനത്തിൽ പങ്കെടുപ്പിക്കണമെന്നും പങ്കെടുത്തവരുടെ ഡേറ്റാ ബേസ് തയ്യാറാക്കണമെന്നും ഹാജർനില പരിശോധിക്കണമെന്നുമാണ് നിർദേശം.

## ഇടിമിന്നലേറ്റ് യുവാവിന് ദാരുണാന്ത്യം

തൃശൂർ : പാടത്ത് ക്രിക്കറ്റ് കളിക്കുന്നതിനിടെ ഇടിമിന്നലേറ്റ് യുവാവിന് ദാരുണാന്ത്യം. എടത്വാ സ്വദേശി അഖിൽ പി ശ്രീനിവാസൻ (29) ആണ് മരിച്ചത്.

ഇടിമിന്നലേറ്റതിന് പിന്നാലെ അഖിലിന്റെ കൈവശമുണ്ടായിരുന്ന സ്മാർട്ഫോൺ പൊട്ടിത്തെറിച്ചതാണ് മരണത്തിന് കാരണം.

## ആശമാരുടെ ഓണറേറിയം മാനദണ്ഡങ്ങൾ പിൻവലിച്ചു; വഴങ്ങി സർക്കാർ

തിരു: ആശമാരുടെ ഒരു ആവശ്യത്തിന് മുന്നിൽ വഴങ്ങി സർക്കാർ. സമരം 36-ാം ദിവസത്തിൽ എത്തി നിൽക്കെയാണ് ഓണറേറിയം മാനദണ്ഡങ്ങൾ പിൻവലിച്ച് സർക്കാർ ഉത്തരവിറങ്ങിയത്. ഓണറേറിയത്തിന് ഉണ്ടായിരുന്ന പത്ത് മാനദണ്ഡങ്ങളാണ് പിൻവലിച്ചത്. ഇത് പിൻവലിക്കണമെന്നതായിരുന്നു ആശ പ്രവർത്തകരുടെ പ്രധാന ആവശ്യങ്ങളിലൊന്ന്.

അതിനിടെയും സർക്കാറിന്റെ അവഗണനയേയും ചുട്ടുപൊള്ളുന്ന ചൂടിനെയും തോൽപ്പിച്ച് കരുത്തുകാട്ടി ആശമാരുടെ സെക്രട്ടേറിയറ്റ് ഉപരോധം തുടരുകയാണ്. സെക്രട്ടേറിയറ്റിലെ സമരഗേറ്റും മുന്നിലെ റോഡും പ്രവർത്തകർ മൂന്ന് മണിക്കൂറിലേറെയായി ഉപരോധിക്കുകയാണ്. .

സമരം പൊളിക്കാൻ സർക്കാർ പ്രഖ്യാപിച്ച പരിശീലന പരിപാടി അവഗണിച്ച് ആയിരത്തിലധികം പ്രവർത്തകർ സമരത്തിൽ പങ്കെടുക്കുന്നു. 830 പൊലീസിനെ വിന്യസിച്ചാണ് സർക്കാർ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം തടസപ്പെടാതെ നോക്കിയത്. എന്നാൽ മറ്റ് ഗേറ്റുകളിൽ ശ്രദ്ധിക്കാതെ ആശാ പ്രവർത്തകർ സമര ഗേറ്റ് മാത്രം ഉപരോധിക്കുകയായിരുന്നു. വൈകിട്ടായാലും ഉപരോധം അവസാനിപ്പിക്കില്ലെന്ന ഉറച്ച തീരുമാനത്തിലാണ് സ്ത്രീകൾ.

# സർക്കാരിന് തിരിച്ചടി; മുനമ്പം ജുഡീഷ്യൽ കമ്മീഷന്റെ നിയമനം ഹൈക്കോടതി അസാധുവാക്കി



കൊച്ചി: മുനമ്പം ജുഡീഷ്യൽ കമ്മീഷന്റെ നിയമനം ഹൈക്കോടതി അസാധുവാക്കി. ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ അധ്യക്ഷനായ ജുഡീഷ്യൽ കമ്മീഷന്റെ നിയമനം നിലനിൽക്കില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കി. മുനമ്പം ജുഡീഷ്യൽ കമ്മീഷന്റെ നിയമ സാധുത ചോദ്യം ചെയ്ത് കേരള വഖഫ് സംരക്ഷണ വേദി നൽകിയ ഹർജിയിലാണ് ഉത്തരവ്. ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് അധ്യക്ഷനായ സിംഗിൾ ബെഞ്ചാണ് വിധി പ്രസ്താവിച്ചത്.

ഇത് വഖഫ് ഭൂമിയുമായി ബന്ധപ്പെട്ട വിഷയമാണെന്നും വഖഫ് ഭൂമിയുടെ കാര്യത്തിൽ തീരുമാനം എടുത്താൻ വഖഫ് ട്രൈബ്യൂണലിന് മാത്രമേ കഴിയു എന്നും കോടതി വ്യക്തമാക്കി. വഖഫ് ബോർഡിന് വലിയ അധികാരങ്ങളുണ്ട്. നിയമത്തിൽ ഇതെല്ലാം കൃത്യമായി പറയുന്നുണ്ട്. ആ നിയമം നിയനിൽക്കെ സർക്കാരിന് മറിച്ചൊരു തീരുമാനം എടുക്കാനാകില്ലെന്നും ഹൈക്കോടതി പറഞ്ഞു.

മുനമ്പം വഖഫ് ഭൂമിക്കേസിൽ വീണ്ടും അന്വേഷണം നടത്താൻ ജുഡിഷ്യൽ കമ്മീഷനെ നിയമിച്ചതിനെ തെറ്റായ നടപടിയായി ഹൈക്കോടതി നേരത്തെ തന്നെ വിലയിരുത്തിയിരുന്നു. സിവിൽ കോടതി ഇതിനകം തന്നെ ഭൂമിയെ വഖഫ് സ്വത്തായി പ്രഖ്യാപിച്ചതിനാൽ, ആ തീരുമാനത്തിൽ ഏത് തരം മാറ്റങ്ങളും ഒരു ഉന്നത കോടതിയിലൂടെ മാത്രമേ സാധ്യമാകൂയെന്നും ന്യായസങ്കേതത്തിന്റെ അടിസ്ഥാനത്തിൽ ഒരു ജുഡിഷ്യൽ കമ്മീഷൻ നിയമിച്ച നടപടി അനാവശ്യവും നിയമവിരുദ്ധവുമാണെന്നും ഹൈക്കോടതി നേരത്തെ തന്നെ വ്യക്തമാക്കിയിരുന്നു.

ഈ വിധിക്കെതിരെ അപ്പീൽ പോകുമെന്ന് സർക്കാർ വ്യക്തമാക്കി. സർക്കാരാണ് എന്ത് വേണമെന്ന് പറയേണ്ടതെന്ന് ജസ്റ്റിസ് രാമചന്ദ്രൻനായരും വെളിപ്പെടുത്തി.

# 'കഞ്ചാവ്, എംഡിഎംഎ കേസുകളിൽ പിടിയിലാകുന്നത് മദ്രസയിൽ പഠിച്ചവർ'; കെ ടി ജലീലിന്റെ പരാമർശത്തിനെതിരെ സമസ്ത



മലപ്പുറം: മദ്രസയിൽ പോയി മതപഠനം നടത്തിയവരാണ് കഞ്ചാവ്, എംഡിഎംഎ കടത്ത് കേസുകളിൽ പിടിയിലാകുന്നതെന്ന കെ ടി ജലീൽ എംഎൽഎയുടെ പരാമർശത്തിനെതിരെ സമസ്ത രംഗത്ത്. മതത്തിന്റെ പേരിൽ വേർതിരിച്ചുകാണേണ്ട വിഷയമല്ല ഇതെന്ന് സമസ്ത പ്രതികരിച്ചു. ഇത്തരം അഭിപ്രായങ്ങൾ മത ധ്രുവീകരണത്തിന് ശ്രമിക്കുന്നവരെ സഹായിക്കുമെന്നും സംഘടന ചൂണ്ടിക്കാട്ടി. കുറ്റകൃത്യങ്ങളെ കുറ്റകൃത്യങ്ങളായി കാണുന്നതിന് പകരം അതിൽ മതം കലർത്തുന്നത് ശരിയല്ലെന്ന് സമസ്ത നേതാവ് സത്താർ പന്തല്ലൂർ വിമർശിച്ചു.

മലപ്പുറത്തുനടന്ന ഇഫ്താർ സംഗമത്തിലാണ് കെ ടി ജലീൽ വിവാദ പരാമർശം നടത്തിയത്. മതപഠനമോ മത വിദ്യാഭ്യാസമോ ലഭിക്കാത്ത മറ്റ് സമുദായങ്ങളിലെ ചെറുപ്പക്കാർക്കുള്ള ധാർമിക ബോധം പോലും മുസ്ലീം സമുദായത്തിലുള്ളവർക്ക് ഇല്ലെന്നും കെ ടി ജലീൽ പ്രസംഗത്തിനിടെ കുറ്റപ്പെടുത്തിയിരുന്നു. സ്കൂളുകളിലും കോളേജുകളിലും അച്ചടക്കം കാണിക്കുന്നതിലും അദ്ധ്യാപകരെ ബഹുമാനിക്കുന്നതിലും മുസ്ലീം കുട്ടികളേക്കാൾ ഇതര മതസ്ഥരായ കുട്ടികളാണ് മുന്നിലുള്ളത്. ഇത് എന്തുകൊണ്ട് സംഭവിക്കുന്നുവെന്നത് മതനേതാക്കൾ പരിശോധിക്കണമെന്നും എംഎൽഎ ആവശ്യപ്പെട്ടിരുന്നു.

അതേസമയം, പരാമർശത്തിൽ ഉറച്ചുനിൽക്കുന്നുവെന്ന് കെ ടി ജലീൽ ഫേസ്ബുക്കിൽ കുറിച്ചു. മത വിദ്യാഭ്യാസം കിട്ടുന്ന ജനവിഭാഗം എന്ന നിലയിൽ മുസ്ലീങ്ങളെ തെറ്റുകാരുടെ കൂട്ടത്തിൽ ഒന്നുപോലും കാണാൻ പാടില്ലെന്ന അതിമോഹമാണ് തന്റെ പ്രസംഗത്തിലെ ഉള്ളടക്കത്തിന്റെ ആധാരമെന്ന് അദ്ദേഹം വ്യക്തമാക്കി. ലഹരിക്കടത്തിൽ പിടിക്കപ്പെടുന്ന മുസ്ലീം പേരുള്ള പ്രതികളിൽ 99 ശതമാനവും ചെറുപ്പത്തിൽ മതപഠനം കിട്ടിയവരാണെന്നാണ് തന്റെ അന്വേഷണത്തിൽ മനസിലായത്. എന്നിട്ടും ഇതൊക്കെ സംഭവിക്കുന്നത് കാണുമ്പോഴുള്ള മനോവിഷമം കൊണ്ടാണ് സമുദായത്തിലെ പ്രധാനികൾ ഒത്തുചേർന്ന ഒരു യോഗത്തിൽ തീർത്തും സദുദ്ദേശത്തോടെ ചില കാര്യങ്ങൾ ഉണർത്തിയതെന്നും അദ്ദേഹം പറഞ്ഞു.

## ഹൈവേ വികസനത്തിന് ഏറ്റെടുത്ത ഭൂമി 5 വർഷത്തിൽ ഉപയോഗിച്ചില്ലെങ്കിൽ തിരികെ ഉടമക്ക്; നിർണായക മാറ്റം

ന്യൂഡൽഹി: രാജ്യത്ത് ഹൈവേ വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമി അഞ്ചുവർഷത്തിനുള്ളിൽ ഉപയോഗിച്ചില്ലെങ്കിൽ ഉടമകൾക്ക് തിരികെ നൽകാൻ വ്യവസ്ഥ ചെയ്യുന്ന തടക്കം ദേശീയപാത നയത്തിൽ നിർണായക മാറ്റങ്ങൾ വരുന്നു. നിലവിലെ നിയമം അടിമുടി പരിഷ്കരിച്ചുള്ള ഭേദഗതി കേന്ദ്ര ഗതാഗത മന്ത്രാലയം കാബിനറ്റിന്റെ അനുമതിക്കായി അയച്ചു. നിലവിലെയും സമീപഭാവിയിലെയും വിഷയങ്ങൾ കണക്കിലെടുത്താണ് സുപ്രധാന മാറ്റങ്ങൾക്ക് നിർദേശിച്ചതെന്ന് മന്ത്രാലയം വ്യക്തമാക്കി.

# 'എവിടെയെല്ലാം സ്വർണം ഒളിപ്പിക്കാമോ അവിടെയെല്ലാം ഒളിപ്പിച്ചു'; രന്യക്കെതിരേ ബിജെപി എംഎൽഎ




ബെംഗളൂരു: സ്വർണക്കടത്ത് കേസിൽ അറസ്റ്റിലായ കന്നഡ നടി രന്യ റാവുവിനെതിരേ അശ്ലീല പരാമർശവുമായി കർണാടക ബി.ജെ.പി. മുതിർന്ന എം.എൽ.എ. ബസനഗൗഡ പാട്ടീൽ യത്നൽ. രന്യ റാവു ശരീരമാസകലം സ്വർണം സൂക്ഷിച്ചിരുന്നുവെന്നും എവിടെയെല്ലാം ഒളിപ്പിക്കാമോ അവിടെയെല്ലാം ഒളിപ്പിച്ച് കടത്തിയെന്നും എം.എൽ.എ. പറഞ്ഞു.

കസ്റ്റംസ് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് വീഴ്ചകൾ ഉണ്ടായിട്ടുണ്ടെന്നും അവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ബസനഗൗഡ പാട്ടീൽ ആവശ്യപ്പെട്ടു. കേസിൽ ഏതൊക്കെ മന്ത്രിമാരാണ് ഉൾപ്പെട്ടിരിക്കുന്നതെന്ന് തനിക്ക് അറിയാമെന്ന് അദ്ദേഹം അവകാശപ്പെട്ടു. കേസിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ മന്ത്രിമാരുടെയും പേരുകൾ വരാനിരിക്കുന്ന നിയമസഭാ സമ്മേളനത്തിൽ ഉന്നയിക്കുമെന്നും അദ്ദേഹം പറഞ്ഞു.

'രന്യ റാവുവിന്റെ ബന്ധങ്ങൾ, സുരക്ഷ ക്ലിയറൻസ് പൂർത്തീകരിക്കാൻ ആരാണ് സഹായിച്ചത്, സ്വർണം എങ്ങനെ കൊണ്ടുവന്നു എന്നിങ്ങനെയുള്ള പൂർണ്ണ വിവരങ്ങൾ ഞാൻ ശേഖരിച്ചിട്ടുണ്ട്. അവർ സ്വർണം ഒളിപ്പിച്ചതും കൊണ്ടുവന്നതുമായ വിവരങ്ങൾ എല്ലാം ഞാൻ നിയമസഭയിൽ വെളിപ്പെടുത്തും,'- അദ്ദേഹം കൂട്ടിച്ചേർത്തു.

ഇതിനിടെ രന്യ റാവു ജാമ്യത്തിനായി ബെംഗളൂരുവിലെ സെഷൻസ് കോടതിയെ സമീപിച്ചു. സാമ്പത്തിക കുറ്റകൃത്യങ്ങൾക്കായുള്ള പ്രത്യേക കോടതി ജാമ്യാപേക്ഷ തള്ളിയതിനെത്തുടർന്നാണ് സെഷൻസ് കോടതിയെ സമീപിച്ചത്. ആരോപണങ്ങൾ ഗൗരവമുള്ളതാണെന്ന് ജാമ്യം നിഷേധിച്ചുകൊണ്ട് പ്രത്യേക കോടതി വ്യക്തമാക്കിയിരുന്നു. മാർച്ച് 24-വരെ രന്യയെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടിരിക്കുകയാണ്.

# അമേരിക്കയുടെ ഡിമാൻഡ് ഇടിയുന്നു? ഇന്ത്യൻ പ്രതിരോധ സംവിധാനങ്ങൾക്കായി ക്യൂനിന്ന് ലോകരാജ്യങ്ങൾ

ന്യൂഡൽഹി: 2024 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി എക്കാലത്തെയും ഉയർന്ന നിരക്കായ 21,083 കോടി രൂപയായതായി റിപ്പോർട്ട്. മുൻവർഷത്തെ 15,920 കോടിയിൽ നിന്ന് 32.5 ശതമാനം വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. അതിനാൽ തന്നെ ഇന്ത്യയുടെ പ്രതിരോധ മേഖല ആഗോള ശക്തി കേന്ദ്രമായി വികസിക്കുകയാണെന്നാണ് വിലയിരുത്തൽ.

അന്താരാഷ്ട്ര ഡിമാൻഡ് വർദ്ധിച്ചതോടെ കഴിഞ്ഞ പത്ത് വർഷത്തിനിടെ 31 ഇരട്ടി വളർച്ചയാണ് ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി കൈവരിച്ചത്. ആഗോള മാർക്കറ്റിലെ ഇന്ത്യയുടെ പ്രാധാന്യമാണ് ഇത് വ്യക്തമാക്കുന്നത്. 2029ഓടെ പ്രതിരോധ കയറ്റുമതി 50,000 കോടി രൂപയായി ഉയർത്തണമെന്ന ലക്ഷ്യത്തിലാണ് കേന്ദ്ര സർക്കാരെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ഈ വർഷം തന്നെ കയറ്റുമതി 20,300 കോടിയായി ഉയരുമെന്നാണ് കണക്കുകൂട്ടൽ. അന്താരാഷ്ട്ര പ്രതിരോധ വിതരണ ശൃംഖലയിൽ തന്നെ മുൻപന്തിയിലാണ് ഇന്ത്യയിപ്പോൾ. യൂറോപ്പിൽ നിന്നുള്ള ഡിമാൻഡ് വർദ്ധിച്ചതാണ് പ്രതിരോധ കയറ്റുമതി രംഗത്ത് ഇന്ത്യയുടെ വളർച്ചയ്ക്കുള്ള മുഖ്യ കാരണം. 2026 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ തന്നെ യൂറോപ്യൻ മേഖലയിൽ നിന്ന് ആദ്യ ഓർഡറുകൾ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് ഇന്ത്യൻ പ്രതിരോധ നിർമ്മാതാക്കൾക്ക് പുതിയ വഴികൾ തുറക്കും. മേഖലയിലെ വളർച്ചയ്ക്ക് കേന്ദ്ര സർക്കാർ പ്രത്യേക ശ്രദ്ധയും നൽകുന്നുണ്ട്.

2025 സാമ്പത്തിക വർഷത്തിലെ ഓർഡറുകളിലെ മന്ദഗതി പരിഹരിക്കുന്നതിനായി ഈ മാസം തന്നെ 1.5 ട്രില്യൺ രൂപയുടെ വലിയ തോതിലുള്ള പ്രതിരോധ സംഭരണമാണ് സർക്കാർ ആസൂത്രണം ചെയ്തിരിക്കുന്നത്. പ്രതിരോധ മേഖലയിൽ സ്റ്റോക്കുകൾ വർദ്ധിപ്പിക്കുന്നതിനും രാജ്യത്തിന്റെ സൈനിക ശേഷി മെച്ചപ്പെടുത്തുന്നതിനുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

യുക്രെയ്ന് സൈനിക സഹായം വെട്ടിക്കുറയ്ക്കാനുള്ള അമേരിക്കയുടെ തീരുമാനം, അമേരിക്കൻ പ്രതിരോധ ഫണ്ടിംഗിൽ നാറ്റോയുടെ വലിയ തോതിലുള്ള ആശ്രയത്വം എത്രത്തോളമാണെന്ന് ചൂണ്ടിക്കാട്ടുന്നു. നാറ്റോയുടെ മൊത്തം പ്രതിരോധ ചെലവിന്റെ 70 ശതമാനത്തോളം സംഭാവന ചെയ്യുന്നത് അമേരിക്കയാണ്. ട്രംപിന്റെ നയംമാറ്റം പ്രതിരോധ സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ യൂറോപ്യൻ രാജ്യങ്ങളെ സമ്മർദ്ദത്തിലാക്കുകയാണ്. ഈ മാറ്റം ഇന്ത്യൻ പ്രതിരോധ ഉത്പന്നങ്ങൾക്കുള്ള ആവശ്യകത വർദ്ധിപ്പിക്കുമെന്നാണ് വിലയിരുത്തൽ.




കേന്ദ്രസർക്കാർ കേരളത്തോട് കാണിക്കുന്ന അവഗണനക്കെതിരെ, സംസ്ഥാനത്തിന്റെ ഫെഡറൽ സംവിധാനം അട്ടിമറിക്കുന്നതിനെതിരെ, വിദ്യാഭ്യാസ രംഗത്ത് കാവിവൽക്കരണത്തിനെതിരെ എൽഡിഎഫിന്റെ നേതൃത്വത്തിൽ നടത്തിയ ഓഫീസ് മാർച്ചും ധർണയും സിപിഎം ജില്ലാ സെക്രട്ടറി കെ വി അബ്ദുൽ ഖാദർ ഉദ്ഘാടനം ചെയ്തു


## ദൗത്യം വിജയം; ഗ്രാമ്പിയിൽ ഇറങ്ങിയ കടുവയെ പിടികൂടി

വണ്ടിപ്പെരിയാർ(ഇടുക്കി): ഗ്രാമ്പിയിൽ ജനവാസമേഖലയിൽ ഭീതിപരത്തിയ കടുവയെ മയക്കുവെടിവച്ച് പിടികൂടി. പ്രദേശത്തെ തേയിലത്തോട്ടത്തിനുള്ളിലായിരുന്ന കടുവയെ വെറ്റിനറി ഡോക്ടർമാരായ അനുരാജിന്റെയും അനുമോദിന്റെയും നേതൃത്വത്തിലുള്ള സംഘമാണ് മയക്കുവെടി വെച്ചത്. വലയിലാക്കിയ കടുവയെ കൂട്ടിലാക്കി വാഹനത്തിൽ തേക്കടിയിലേക്ക് കൊണ്ടുപോവുകയാണ്. ഇവിടെ വച്ച് ചികിത്സ നൽകാനാണ് തീരുമാനം.

രണ്ടുദിവസമായി കടുവയെ മയക്കുവെടിവെച്ച് പിടികൂടാനുള്ള ശ്രമങ്ങൾ വനംവകുപ്പിന്റെ പ്രത്യേക ദൗത്യസംഘം നടത്തുകയായിരുന്നു. ഞായറാഴ്ച നടത്തിയ പരിശോധനയിൽ, കടുവ മറ്റൊരു സ്ഥലത്തേക്ക് മാറിപ്പോയതായി തിരിച്ചറിഞ്ഞു. തുടർന്ന് വിവിധ മേഖലകൾ കേന്ദ്രീകരിച്ച് ഞായറാഴ്ച ഏറെ വൈകിയും വനപാലകർ തിരച്ചിൽ തുടർന്നെങ്കിലും കണ്ടെത്താനാകാതെവന്നതോടെ മയക്കുവെടിവെക്കാനുള്ള ദൗത്യം താത്കാലികമായി അവസാനിപ്പിക്കുകയായിരുന്നു. ഇന്ന് രാവിലെതന്നെ വനംവകുപ്പ് സംഘം സ്ഥലത്തേക്ക് എത്തിയ ശേഷം മയക്കുവെടി വെയ്ക്കുകയായിരുന്നു. ഡ്രോൺ ഉൾപ്പടെ ഉപയോഗിച്ചായിരുന്നു തിരച്ചിൽ.

ഞായറാഴ്ച രാവിലെമുതൽത്തന്നെ ഹൈറേഞ്ച് സർക്കിൾ ചീഫ് കൺസർവേറ്റർ ആർ.എസ്. അരുൺകുമാർ, ഈസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ ഐ.എസ്. സുരേഷ്ബാബു, എൽ.ആർ. തഹസിൽദാർ എസ്.കെ. ശ്രീകുമാർ, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ കെ. ഹരിലാൽ, ബെന്നി ഐക്കര എന്നിവരുടെ നേതൃത്വത്തിൽ വനംവകുപ്പുസംഘം സ്ഥലത്ത് ക്യാമ്പു ചെയ്തായിരുന്നു പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്.

# കൂടൽമാണിക്യ ക്ഷേത്ര വിവാദം; ബാലു ജോലിയിൽ തിരികെ പ്രവേശിച്ചില്ല, 15 ദിവസത്തേക്ക് അവധി നീട്ടി ചോദിച്ചു



തൃശൂർ: ഇരിങ്ങാലക്കുട കൂടൽമാണിക്യ ക്ഷേത്രത്തിൽ ജാതി വിവേചനം നേരിട്ട തിരുവനന്തപുരം ആര്യനാട് സ്വദേശി വിഎ ബാലു ജോലിയിൽ തിരികെ പ്രവേശിച്ചില്ല. അവധി നീട്ടി ചോദിച്ച് ബാലു ഇരിങ്ങാലക്കുട കൂടൽമാണിക്യ ക്ഷേത്രത്തിലെ ദേവസ്വം അഡ്മിനിസ്ട്രേറ്റർക്ക് കത്ത് നൽകി. 15 ദിവസത്തേക്കാണ് അവധി നീട്ടി ചോദിച്ചത്. ശാരീരിക ബുദ്ധിമുട്ട് ഉള്ളതിനാൽ യാത്ര ചെയ്യാൻ കഴിയില്ലെന്നാണ് കത്തിൽ പറയുന്നത്.

മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം നൽകിയാണ് ബാലു അവധി നീട്ടി ചോദിച്ച് കത്ത് നൽകിയത്. മാനേജ്മെന്റ് കമ്മിറ്റി യോഗം കൂടിയതിന് ശേഷം തീരുമാനമെടുക്കുമെന്ന് ദേവസ്വം അധികൃതർ അറിയിച്ചു. വിഎ ബാലുവിന്റെ അവധി ഇന്നലെ അവസാനിച്ചിരുന്നു. ഇന്ന് തിരികെ ജോലിയിൽ പ്രവേശിക്കാനിരിക്കെയാണ് അവധി നീട്ടി ചോദിച്ച് കത്ത് നൽകിയത്. തന്ത്രിമാരുടെ പരാതിയെ തുടർന്ന് കഴകക്കാരനായി നിയമിച്ച ബാലുവിനെ ഓഫീസ് ജോലിയിലേക്ക് മാറ്റിയിരുന്നു. ഈ തസ്തികയിലേക്കായിരുന്നു തിരികെ പ്രവേശിക്കേണ്ടിയിരുന്നത്.

തസ്തിക മാറ്റത്തിനുള്ള കാരണം വ്യക്തമാക്കാൻ ബാലുവിനോട് ആവശ്യപ്പെടുമെന്നാണ് കൂടൽമാണിക്യം ദേവസ്വം ചെയർമാൻ സികെ ഗോപി നേരത്തേ വ്യക്തമാക്കിയത്. സർക്കാർ നിയമിച്ച കഴകക്കാരൻ ആ തസ്തികയിൽ തന്നെ ജോലി ചെയ്യണം എന്നുള്ളതാണ് സർക്കാർ നിലപാടെന്ന് ദേവസ്വം മന്ത്രിയും വ്യക്തമാക്കിയിരുന്നു.

വിഷയത്തിൽ തീരുമാനമെടുക്കാൻ ദേവസ്വം ഭരണസമിതിയുടെ നേതൃത്വത്തിൽ ഈ ആഴ്ച യോഗം ചേരും. ഈഴവനായതുകൊണ്ടാണ് ബാലുവിനെ തസ്തികയിൽ നിന്നും മാറ്റിയതെന്നാണ് ആരോപണം.

## കിടപ്പുരോഗിയായ അമ്മയെ മകൻ ബലാത്സംഗം ചെയ്തു; പരാതി നൽകി മകൾ

തിരു: പള്ളിക്കലിൽ അമ്മയെ മകൻ ബലാത്സംഗം ചെയ്തതായി പരാതി. കിടപ്പുരോഗിയായ എഴുപത്തിരണ്ടുകാരിയെയാണ് നാൽപ്പത്തിയഞ്ചുകാരനായ മകൻ ബലാത്സംഗത്തിനിരയാക്കിയത്. പ്രതി മദ്യലഹരിയിലായിരുന്നു. വയോധികയുടെ മകളുടെ പരാതിയിൽ പള്ളിക്കൽ പൊലീസ് കേസെടുത്തു. പ്രതിയെ പൊലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

കഴിഞ്ഞ ദിവസം രാത്രി ഏഴരയോടെയായിരുന്നു സംഭവം. ഈ സമയത്ത് വീട്ടിൽ മറ്റാരുമില്ലായിരുന്നു.

വീട്ടിൽ തിരിച്ചെത്തിയപ്പോഴാണ് സംഭവം ശ്രദ്ധയിൽപ്പെട്ടതെന്ന് മകൾ നൽകിയ പരാതിയിൽ പറയുന്നു. വയോധികയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## കോടതി പരസ്യം

### ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ

EA: /2024, EP: 498/2024, OS: 2156/2014

കൊടുങ്ങല്ലൂർ താലൂക്ക് ലോകമലേശ്വരം വില്ലേജ്, ചന്തപ്പുര ദേശത്ത് പ്രവർത്തിക്കുന്ന മുസിരിസ് ട്രേഡേഴ്സ് എന്ന സ്ഥാപനത്തിനുവേണ്ടി മാനേജിംഗ് പാർട്ണർ ടി താലൂക്ക്, ടി വില്ലേജ്, കാവിൽകടവ് ദേശത്ത്, തിരുത്തോളിയിൽ വീട്ടിൽ ഭാസ്കരൻ മകൻ 40 വയസ് ബിസിനസ് അനീഷ്

-ഹരജിക്കാരൻ/വിധി ഉടമ

3) മുകുന്ദപുരം താലൂക്ക്, കരൂപ്പടന്ന വില്ലേജ്, കരൂപ്പടന്ന ദേശത്ത്, അറക്കപ്പറമ്പിൽ വീട്ടിൽ ഷംസു മകൻ 39 വയസ്, ബിസിനസ് മുഹമ്മദ് റാഫി

- എതിർകക്ഷി/മൂന്നാം വിധി കടക്കാരൻ

വിധി ഉടമ ബോധിപ്പിച്ച മേൽ നമ്പർ കേസിൽ മൂന്നാം വിധി കടക്കാരനുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ അനുവദിച്ച് കേസ് **05-04-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നതും ആയതിൽ മൂന്നാം വിധി കടക്കാരന് എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം അന്നേ ദിവസം രാവിലെ 11മണിക്ക് മൂന്നാം വിധി കടക്കാരനോ വിധി കടക്കാരൻ ഭാഗം അഡ്വക്കെറ്റോ കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം മൂന്നാം വിധി കടക്കാരനെ കൂടാതെ കേസ് തീർച്ച വിചാരണ ചെയ്യുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 16-03-2025

വിധി ഉടമഭാഗം അഡ്വക്കെറ്റ്

**ഷക്കീല ഇ ഐ** (ഒപ്പ്)

